# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 212**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

മദ്യം മനുഷ്യന്റെ സുബോധത്തെ നശിപ്പിക്കുകയും നീതിബോധത്തെ തളർത്തുകയും ചെയ്യുന്നതുമൂലം സമൂഹത്തിൽ അനീതിയും അക്രമവും വർദ്ധിക്കുകയും കുടുംബങ്ങൾ ശിഥിലമാക്കപ്പെടുകയും ചെയ്യുന്നു. ഈ ദുരവസ്ഥയെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും സഭയായി 2015 ജനുവരി 11-ാം തീയതി ഞായറാഴ്ച ലഹരിവിരുദ്ധ ദിനമായി വേർതിരിച്ചിരിക്കുന്നു.

മദ്യ ഉല്പാദനത്തിനും മദ്യവില്പനയ്ക്കും ഇടംനൽകിയും പ്രോത്സാഹനം നൽകുന്നത് അഭിലഷണീയമല്ല: നാം ഉദ്ഘോഷിക്കുന്ന നവീകരണ പ്രമാണങ്ങൾക്ക് വിരുദ്ധവുമാണ്. നമ്മുടെ സഭാംഗങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും വിധേയരാകാതെ ക്രിസ്തീയ സാക്ഷ്യം നിലനിർത്താൻ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ സഭാംഗങ്ങളല്ലാത്ത സഹോദരങ്ങളെയും മദ്യാസക്തിയിൽ നിന്നും സ്വതന്ത്രരാക്കുവാൻ നമുക്കു ചുമതലയും കടപ്പാടും ഉണ്ട്. വ്യാപകമാകുന്ന വ്യാജമദ്യവില്പന, കള്ളുഷാപ്പുകൾ, വിദേശ മദ്യഷാപ്പുകൾ, ലഹരി പദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്ന അരിഷ്ടങ്ങൾ ഇവയുടെ ഭീഷണി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരുണത്തിൽ ലഹരിവർജ്ജന പ്രചാരണങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടത് ആവശ്യമാണ്. പള്ളികളിലെ പ്രചാരണത്തോടൊപ്പം മദ്യവർജ്ജന റാലികൾ,പദയാത്രകൾ, പൊതുയോഗങ്ങൾ ആദിയായവ സംഘടിപ്പിച്ച് ജനങ്ങളെ ബോധവാന്മാരാക്കുവാൻ പരിശ്രമിക്കേണ്ടതാണ്. പള്ളിവക ഹാളുകളിലും പരിസരങ്ങളിലും വിവാഹം, ഭവനകൂദാശ ആദിയായ സൽക്കാരങ്ങളിൽ മദ്യവും പുകവലിയും കർശനമായി നിരോധിക്കണം. മദ്യത്തിന്റെ ഉൽപ്പാദനം, വില്പന, ഉപയോഗം ഇവയിൽനിന്ന് നമ്മുടെ ജനങ്ങൾ പൂർണ്ണമായി വിട്ടുനിൽക്കണം. പരസ്യമായും രഹസ്യമായും മദ്യപിക്കുന്നവരെ സഭാപ്രതിനിധി മണ്ഡലത്തിലേയ്ക്കോ ഭദ്രാസന അസംബ്ലിയിലേയ്ക്കോ കൈസ്ഥാനസമിതിയിലേയ്ക്കോ തെരഞ്ഞെടുക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഗുണദോഷിക്കുന്നു. അങ്ങനെയുള്ളവർ ചുമതല വഹിക്കുന്നുവെന്ന് തെളിവുസഹിതം അറിയിച്ചാൽ മേൽനടപടി സ്വീകരിക്കുമെന്ന് അറിയിക്കുന്നു

കോട്ടയത്തുള്ള മോചന, മലയാലപ്പുഴയിലെ നവജീവകേന്ദ്രം, കറ്റാനം ആശുപത്രിയോട് ചേർന്നുള്ള ഡി-അഡിക്ഷൻ സെന്റർ, വാളകത്തുള്ള ഡി-അഡിക്ഷൻ സെന്റർ, വയനാട്ടിലുള്ള മുക്തി ഡി-അഡിക്ഷൻ സെന്റർ, നവദർശൻ ഡി-അഡിക്ഷൻ സെന്റർ കിടങ്ങന്നൂർ, കുമ്പനാട് മുതലായ സ്ഥാപനങ്ങളിൽ മദ്യപാനികൾക്ക് ചികിത്സയും ഉപദേശവും നൽകുന്നു. മദ്യവിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലവത്താകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ഡിസംബർ 5-ാം തീയതി

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No.212

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

As alcohol deadens a person's good sense and weakens one's morality, injustice and violence proliferate in society and families get disintegrated. In order to make people conscious of this deplorable situation and to give shape to ways and means to rehabilitate alcoholics, we, as a Church have set apart Sunday the 11th January 2015 as TEMPERANCE DAY.

Providing space for the manufacture and sale of liquor and thereby promoting same is undesirable and against the principles of Reformations be uphold and profess. We exhort all members of the Church to uphold their Christian witness by not falling prey to alcohol and narcotic substances. It is our responsibility and sacred duty to free our fellow beings outside the fold of the Church also from the evil of alcoholism. The threat from the proliferation of the sale of spurious liquor, Arishtas indoxicated with illicit drugs, toddy shops and foreign liquor shops is ever on the increase. In such a situation, it is highly necessary that we give greater importance to anti-addiction campaigns. In addition to campaigns in Churches, it is also necessary to educate people by organizing rallies, marches, public meetings, etc. Drinking and smoking should be strictly forbidden in the receptions of marriage/house warming ceremonies in Parish Halls and on their premises. Our people should completely stay away from the manufacture, sale and consumption of alcoholic products. I strongly exhort to make sure that persons who consume alcohol privately or in public are not elected to Sabha Prathinidhi Mandalam, Diocesan Assembly and Church Committees. If any complaint received against such persons holding offices, strict action will be taken on the basis of proper evidence.

Counselling and treatment for alcoholism and drug addiction are available at Mochana - Kottayam, Navajeeva Kendram - Malayalapuzha, the De-addiction Centre attached to Kattanam Hospital, the De-addiction Centre at Valakom, Mukti De-addiction Centre Wayanad, Navadarsan De-addiction Centre,Kidangannur, Kumbanad etc. Let us pray that the Holy Spirit may strengthen all our efforts to save our fellow beings from this grave danger of alcoholism.

Grace be with you all.

Dated 5th December 2014 from the Poolatheen, Tiruvalla

Dr.Joseph Mar Thoma Metropolitan